**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1898** **12-09-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകൾക്ക് ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽ നിന്നും ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകൾക്ക് ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ട്; | (എ) | കേരള, മഹാത്മാഗാന്ധി, കുസാറ്റ് സർവകലാശാലകൾക്ക് ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തി സർവകലാശാലകളിൽ വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ സർവകലാശാലകളിലെ ഗവേഷക വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരള സർവകലാശാലയിൽ പ്രസ്തുത ഫണ്ട് വിനിയോഗിച്ച് സർവകലാശാലയിലെ വിവിധ പഠനവിഭാഗങ്ങളിലായി 32 മൾട്ടീമീഡിയ പഠനമുറികളും 10 മൾട്ടീമീഡിയ തിയേറ്റർ പഠനമുറികളും സജ്ജീകരിച്ചിട്ടുണ്ട്. ആയതു ഗവേഷക വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾ ഉപയോഗപ്പെടുത്തുന്നുണ്ട്.<br><br>എം.ജി. സർവകലാശാല ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽ നിന്നും ലഭിച്ച തുക കൺവേർജൻസ് അക്കാഡമിയ കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സെന്ററുകളിലേക്ക് ലാബ്/ഗവേഷണ സംബന്ധമായ ഉപകരണങ്ങൾ വാങ്ങുന്നതിനും, ഗവേഷക വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് നൽകുന്നതിനും സർവകലാശാലയുടെ മറ്റു വികസന പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തു ലാബ് ഉപകരണങ്ങൾ ഗവേഷണ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ചാൻസലേഴ്സ് അവാർഡ് പദ്ധതിയിൽ നിന്നും ലഭിച്ച ഫണ്ട് സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതിനും ഗവേഷണ പ്രോജക്ടുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രയോജനപ്പെടുത്തി. |

സെക്ഷൻ ഓഫീസർ